**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 545-**

**2018 ജൂൺ 05-ന് മറുപടി നൽകേണ്ടിയിരുന്നത്**

സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ, എം എൽ എ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ഈ വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷ സ്വീകരിക്കേണ്ടെന്ന തീരുമാനം എടുത്തിട്ടുണ്ടോ; | സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പ അപേക്ഷ സ്വീകരിക്കേണ്ട എന്ന തീരുമാനം എടുത്തിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലെ ഭവന നിർമ്മാണ വായ്പാ അപേക്ഷ സംബന്ധിച്ച വിഷയത്തിൽ നടപടികൾ കൈക്കൊണ്ടു വരുന്നു |
| (ബി) | കഴിഞ്ഞ വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും അതിലെത്ര പേർക്ക് തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ; | 2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ വായ്പയ്ക്ക് ആകെ 2889 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 344 അപേക്ഷകർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുവാനായി തുക വിവിധ വകുപ്പുകളിലേക്ക് അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി വായ്പ അനുവദിക്കുന്നതാണ്. |
| (സി) | സർക്കാർ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണോ ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷ സ്വീകരിക്കേണ്ടെന്ന തീരുമാനം കൈക്കൊള്ളുന്നതിന് ഇടയാക്കിയിട്ടുള്ളത്? | സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ഭവന നിർമ്മാണ വായ്പ അപേക്ഷ സ്വീകരിക്കേണ്ട എന്ന തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**